പകതി	എ.	സെ.
കളക്കട	൧൫൩	൧൨
എഴകോൺ	൩൪൪	—
വെളിയം	൧൭൦	൧൪
ഉമ്മന്നൂർ	൧൧൧	൪൭
വെളിനല്ലൂർ	൧൪൩	—
ചടയമംഗലം	൧൩൭	൬൦
കുന്നിം	൧൩൪	൩൧
മൈലം	൩൩	൩

(സി) നിയമപ്രകാരമുള്ള അനുവാദത്തോടുകൂടി പ്രവേശിക്കാം.

പുറംപോക്കുസ്ഥലങ്ങൾ

*൫൨൯. (൫൩) ശ്രീ. ആർ. അച്യുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടിപറയുമോ.—

(എ) കൊട്ടാരക്കര താലൂക്കിന്റെ പലഭാഗങ്ങളിലുള്ള പുറംപോക്കു സ്ഥലങ്ങളിൽ പ്രവേശിച്ചു് ദേഹണ്ഡിക്കുന്ന സാധുക്കളെ ഇറക്കിവിട്ടു് സ്വാധീനശക്തിയുള്ളവർക്കു് കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുത്തുവരുന്നുവെന്നുള്ള പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഭൂമിയെടുപ്പു്

*൫൩൦. (൫൯) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(ബി) പത്തനംതിട്ട താലൂക്കിൽ പേന്നു റാന്നി അങ്ങാടി പമ്പിക്കു് വരത്തയിൽനിന്നും ഏറുകടവിലേക്കുള്ള ഇടുങ്ങിയ വഴി വീതികൂട്ടുന്നതിനാവശ്യമായ ഭൂമി എടുത്തു് സഹായിക്കുന്നതിനും, അതിന്റെ പൊന്നും വില കെട്ടിവയ്ക്കാൻ സമ്മതിച്ചു, റാന്നി വില്ലേജു് യൂണിയനു് നേരിട്ടു് അപേക്ഷകരെ ബോധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടികളാ കൈക്കൊണ്ടു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെൻറിലേക്കു് എടുത്തിട്ടുള്ള നെല്ലു്

*൫൩൨. (൫൦) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും സിവിലിസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൯ മാച്ചിനുശേഷം തിരുവിതാംകൂർ–കൊച്ചി സംസ്ഥാനങ്ങളിലായി എത്ര പറ നെല്ലു് താലൂക്കടിസ്ഥാനത്തിൽ ഏറ്റെടുത്തു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ തിരുവിതാംകൂർ ഭാഗത്തുനിന്നും എത്ര പറ നെല്ല് എടുത്തിട്ടുണ്ട്;

(സി) വലിയ ജന്മികളിൽ നിന്നും മറ്റും വേണ്ടത്രനെല്ല് എടുക്കുന്നില്ലെന്നുള്ളതറിയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ര ണ്ടു മു തൽ ഏ ഴു paras till the end of September 1950.
(ബി) പ ന്ത്രണ്ടു മു തൽ പ തി നാ ലു വ രെ. " "
(സി) എടുക്കുന്നുണ്ടെന്നാണ് അറിവ്.

കമ്പനി പൂട്ടിയതിനുള്ള ഉത്തരവാദിത്വം

*൪൯൨. (ന്യൂ.) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കഴിഞ്ഞ ജനുവരിമാസത്തിൽ എഫ്. എ. സി. ടി: കമ്പനി പൂട്ടിയതിനു ഉത്തരവാദി കമ്പനിമാനേജ്മെൻറാണെന്നു കമ്പനിഭാഗത്തുനിന്നും അഡ്ജൂഡിക്കേഷൻ മുമ്പാകെ സമ്മതിച്ചിട്ടുള്ളതായി അറിയാമോ;

(ബി) അങ്ങിനെയാണെങ്കിൽ മാനേജ്മെൻറിൻെറപേരിൽ എന്തു നടപടി നടത്തി?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരംകൊണ്ട് ഉത്തരം ആവശ്യമില്ല.

ഹോമിയോപ്പതി കാളേജംഗീകാരം

*൪൯൩. (ന്യൂ.) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ ഐക്യസംസ്ഥാനത്തു ഹോമിയോപ്പതി ചികിത്സയെ പ്രോത്സാഹിപ്പിക്കണമെന്നു ഗവൺമെണ്ടുദ്ദേശിക്കുന്നുണ്ടോ;

(ബി) ഏറണാകുളത്തെ ഹോമിയൊപ്പതി കാളേജിൻെറ അംഗീകാരത്തിനായി അപേക്ഷിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനു് എന്തു നടപടി നടത്തി?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) അതിനെപ്പറ്റി അന്വേഷിച്ചതിനുശേഷം അംഗീകാരം കൊടുക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

നെല്ലെടുപ്പിലുള്ള വ്യത്യസ്തത

*൪൯൪. (ന്യൂ.) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ വിഭാഗത്തുനിന്നും ഇക്കഴിഞ്ഞ നെല്ലെടുപ്പിനു് ൭ ലക്ഷം പറ നെല്ലും കൊച്ചി വിഭാഗത്തുനിന്നും ൪ ലക്ഷം പറ നെല്ലും ഗവ

LIBRARY ARCHIVES Kerala Legislative Assembly